പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 7383

17-7-12 ൽ
മറുപടിക്ക്

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.എ.അസീസ്<br>ശ്രീ. കോവൂർ കുഞ്ഞുമോൻ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും നോർക്കയുംസാംസ്കാരികവും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷൻ എവിടെയാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; | എ) | ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ് കമ്മ്യൂണിക്കേഷന്റെ ഒരു സെന്റർ കോട്ടയത്ത് സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ; | ബി) | ഐ.ഐ.എം.സി. യ്ക്ക് സ്ഥിരം കെട്ടിടം പണിയുന്നതിനായി വടവാതൂരിൽ 4.20 ഏക്കർ സ്ഥലം അനുവദിച്ചിട്ടുണ്ട്. ഇതിന് പുറമേ 2.75 ഏക്കർ സ്ഥലംകൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇവിടേയ്ക്കുള്ള വഴി സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 2.92 ആർ ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി അക്വയർ ചെയ്യാനും തീരുമാനിച്ചിട്ടുണ്ട്. ഈ വർഷം തന്നെ ക്ലാസുകൾ ആരംഭിക്കണമെന്നുള്ളതുകൊണ്ട് താൽക്കാലികമായി യൂണിവേഴ്സിറ്റി കാമ്പസിൽ ക്ലാസുകൾ നടത്തുന്നതിനും കോട്ടയം ഡി.റ്റിപി.സി. യുടെ കെട്ടിടത്തിൽ ഹോസ്റ്റൽ സൗകര്യം ഏർപ്പെടുത്താനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| സി) | ഏതൊക്കെ കോഴ്സുകളാണ് ഈ സ്ഥാപനത്തിൽനടത്താൻ ഉദ്ദേശിക്കുന്നത്; എത്രവീതം സീറ്റുകളിൽ; | സി) | മാസ് കമ്മ്യൂണിക്കേഷൻ മേഖലയിലുള്ള കോഴ്സുകൾ, പരിശീലനം, ഗവേഷണം, എന്നിവയാണ് ഈ സ്ഥാപനത്തിലൂടെ നടത്താൻ ഉദ്ദേശിക്കുന്നത് |
| ഡി) | ഇതിന്റെ ഘടന എപ്രകാരമാണെന്നും നിയന്ത്രണ ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ? | ഡി) | ഐ.ഐ.എം.സി. യുടെ ഒരു സെന്റർ എന്ന രീതിയിലാണ് എന്നതുകൊണ്ടുതന്നെ ഘടന ഐ.ഐ.എം.സി. നിർദ്ദേശങ്ങൾക്കനുസൃതമായിരിക്കും. കോട്ടയത്തെ സെന്ററിന്റെ ചുമതല പൊതുജന സമ്പർക്ക വകുപ്പിനായിരിക്കും. |

സെക്ഷൻ ഓഫീസർ